പൂർണശ്രീ

പുസ്തകം 17 ലക്കം 12 ഡിസംബർ 2023 വില ₹5

ടിബിഎസ് പബ്ലിഷേഴ്സ് ഡിസ്ട്രിബ്യൂട്ടേഴ്സ്– പൂർണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരണം



POWER OF THE WORD

DR. SHASHI THAROOR

മികച്ച പുസ്തകനിർമ്മിതിയ്ക്കുള്ള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡും 'ബുദ്ധവെളിച്ച'ത്തിന്!

മുഖവില:
₹1500
പ്രത്യേകവില
₹999

9746473334
വിളിക്കൂ
പുസ്തകം
വീട്ടിലെത്തും

ബുദ്ധവെളിച്ചം

ബുദ്ധരചന : ഡോ.കെ.ശ്രീകുമാർ
മുഖപ്രസാദം : സി.രാധാകൃഷ്ണൻ
ബുദ്ധവര : അഞ്ജലി രാജീവ്
രൂപകല്പന : രാജേഷ് ചാലോട്

മികച്ച ഗ്രന്ഥത്തിനുള്ള ഗോൾഡൻ ബുക്ക് അവാർഡ്, ഭാരത് ഭൂഷൺ സമ്മാൻ,
ഭാരതീയ ഏകതാ സമ്മാൻ, ഗ്യാൻരത്ന പുരസ്കാർ, ഭാരത് ശ്രീ പുരസ്കാർ,
ഉത്തമൻ പാപ്പിനിശ്ശേരി ബാലസാഹിത്യ പുരസ്കാരം,
പി. ഉസ്മാൻ മാസ്റ്റർ ബാലസാഹിത്യ പുരസ്കാരം,
മികച്ച പുസ്തകനിർമ്മിതിക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം,
മികച്ച ആർട്ട് ആന്റ് കോഫി ടേബിൾ പുസ്തകത്തിനുള്ള എഫ്. ഐ. പി. അവാർഡ്,
മികച്ച രൂപകല്പനയ്ക്കും ചിത്രീകരണത്തിനുമുള്ള കലാരത്ന പുരസ്കാരങ്ങൾ എന്നീ
ദേശീയ – സംസ്ഥാന ബഹുമതികൾ വാരിക്കൂട്ടിയ ബൃഹദ്ഗ്രന്ഥം!

പൂർണ പബ്ലിക്കേഷൻസ് കോഴിക്കോട്

പൂർണശ്രീ

ഡിസംബർ 2023 പുസ്തകം 17 ലക്കം 12

അപരിമേയം വാക്കിന്റെ കരുത്ത്

അക്ഷരങ്ങൾ ചേർന്നുണ്ടാകുന്ന വാക്കുകളുടെ അപരിമേയക്കരുത്താണ് സാഹിത്യത്തിന്റെ കാതൽ. 'പൂർണ കൾച്ചറൽ ഫെസ്റ്റിവലി'ലെ പ്രഭാഷണങ്ങളിൽ പലതുകൊണ്ടും ഏറ്റവും ശ്രദ്ധേയമായതും 'വാക്കിന്റെ കരുത്ത്' എന്ന വിഷയം തന്നെ. 'എൻ. ഇ. ബാലകൃഷ്ണമാരാർ സ്മാരക സമഗ്ര സംഭാവനാപുരസ്കാരം' സ്വീകരിച്ചുകൊണ്ടാണ് ഡോ. ശശി തരൂർ ഈ വിഷയത്തിൽ പ്രൗഢഗംഭീരമായ പ്രഭാഷണം നടത്തിയത്. ഇംഗ്ലീഷിൽ നടത്തിയ ആ പ്രഭാഷണം പരിഭാഷയിലൂടെ കരുത്ത് ചോരുമെന്ന ആശങ്കയാൽ അതേപടി തന്നെ ഈ ലക്കത്തിൽ ചേർക്കുന്നു. സാഹിത്യ പഠിതാക്കൾക്കും സഹൃദയർക്കും എന്തുകൊണ്ടും ഹൃദ്യമായ അനുഭവമാകും ഇതിന്റെ പാരായണം. ഡോ. ശശി തരൂരിന് നന്ദി!

സാഹിത്യോത്സവങ്ങൾക്ക് തുടക്കമിട്ട 'പൂർണ കൾച്ചറൽ ഫെസ്റ്റിവലി'നെ തുടർന്ന് കേരളമെങ്ങും വിവിധ സാഹിത്യോത്സവങ്ങൾ സജീവമാണിപ്പോൾ. കാലികമായ എല്ലാ വിഷയങ്ങളും അവയിൽ ചർച്ചയാവുന്നു. ഗൗരവമുള്ള സാഹിത്യ-സാംസ്കാരിക ചർച്ചകൾക്ക് നിറഞ്ഞ സദസ്സും സാക്ഷിയാവുന്നു. 'സാഹിത്യനഗരിയിലെ ആദ്യ സാഹിത്യോത്സവം' വിജയകരമായി നടത്തിയ 'പൂർണയ്ക്ക് ഇതിൽ സന്തോഷത്തിനു വകയുണ്ട്. കേരള സാഹിത്യ അക്കാദമിയുടെ 'സാർവ്വദേശീയ സാഹിത്യോത്സവ'ത്തിന്റെ ഭാഗമായും തുഞ്ചൻ ഉത്സവത്തിന്റെ ഭാഗമായും നടക്കുന്ന പുസ്തകോത്സവങ്ങളും പ്രസാധകർക്ക് പ്രതീക്ഷ നൽകുന്നവയാണ്.

എൻ. ഇ. മനോഹർ

ഈ ലക്കത്തിൽ വായിക്കുക

POWER OF THE WORD — 4
Dr. Shashi Tharoor

എം.ടി. എന്ന ഏകാക്ഷരം — 12
ഡോ. കെ. ദേവീകൃഷ്ണൻ

മാറാട്ടം — 16
വൈരമുത്തു
പരിഭാഷ: കെ. എസ്. വെങ്കിടാചലം

ആന ചിരിപ്പിച്ച തുമ്പികൾ — 18
സുകുമാരൻ ചാലിഗദ്ദ

മാനേജിംഗ് എഡിറ്റർ
എൻ.ഇ.മനോഹർ

ചീഫ് എഡിറ്റർ
ഡോ.കെ. ശ്രീകുമാർ

എഡിറ്റർ
അഞ്ജലി രാജീവ്

പത്രാധിപസമിതി
ഡോ.കെ.വി.തോമസ്
സുരേഷ് ഇ.പി.
സുഷമകുമാരി കെ.
ഷീബ മുരളീധരൻ
മിനി അനിൽ
അനൂപ് എം.പി.

ടൈപ്പ് സെറ്റിംഗ്
പ്രസീദ എം.
ലിജി.ടി.കെ.

ലേ ഔട്ട് & കവർ ഡിസൈനിംഗ്
സുബിൻ യുവ

213(1-2024)a.o.e

POORNASREE MONTHLY, POORNA PUBLICATIONS TBS Building, G H Road, Kozhikode-673001, Ph: 9656000373,0495-2721025, 2720085
email: poornapublicationeditor@gmail.com Web: tbsbook@gmail.com
Branches: Kalpetta: Main Road, Ph: 04936-203842,
Thiruvananthapuram: Statue Jn. Ph: 0471-2570504 facebook/poornapublications

POWER OF THE WORD



Now not a day goes by these days without my being asked mostly by young children egged on by enthusiastic parents, what they must to develop a formidable vocabulary? My answer is inevitably just a single a word- Read! In fact it worries me today that reading for so many children, is no longer associated with pleasure. Reading instead is entwined with books, textbooks and studies confined to the drudgery of school obligations. So when it comes to pleasure, most youngsters nowadays prefer looking at a screen, their mobile phones or laptops, PlayStation or Nintendo. It would not I think be wrong to say that the covid-19 pandemic when one was helplessly closed at home, exacerbated the menace of the screen.



POWER OF THE WORD

Dr. Shashi Tharoor

Friends and lovers of literature, I hope that covers everybody.

It's indeed an honour for me to be delivering this year's Balakrishna Marar memorial lecture and I'm privileged to being asked to speak on the 'Power of the Word'. In a world driven by hatred and intolerance, where an attempt is being made to muzzle the voices of those clamouring for their inalienable rights and where writers are often attacked as Sarah Joseph reminded us for offending mercurial sensibilities, we can in no way overlook the importance of the 'word'. Because without words we would not be able to express ourselves, without words we would not be able to understand each other.

I'll be speaking today about the power of literature and writing and how they can be used to affect meaningful change.

Barbara Tuchman, the Pulitzer Prize winning American historian, once wrote that "books are the carriers of civilization. Without books history is silent, literature is dumb, science is crippled, thoughts and speculation are at a stand-still. Without books the development of civilization would have been impossible. They are engines of change, windows on the world and light houses erected in the sea of time. They are companions, teachers, magicians, bankers of the treasures of the mind. Books are humanity in print!". I think that's really beautifully expressed and I want to share that with you because perhaps no one embodied this as profoundly as Shri. Balakrishna Marar himself whose love of books and reading was not born of a sheltered childhood. Having lost his father as a toddler, Balakrishna Marar has to drop out of school at a young age, a very early age, when he was still in class six, to shoulder the honorous burden of being the sole bread winner of the family. His family was in dire financial straits and to alleviate their woes, he began hawking newspapers by day, and by afternoon and evening he sold books. Thus began his lifelong tryst with books, one which would ultimately enshrine him in all our hearts as one of Kerala's leading publishers. From purveying books on foot in Kozhikode, he graduated to cycling about town on that alluring green bicycle that you can see outside. With a bag full of books slung around either shoulder and of course some tied to the back, with scarcely any money to buy himself food, Shri. Marar would survive

merely on tap water, relentlessly striving to get to book lovers as he relates in his autobiography 'Kanneerinte Madhuryam', their daily quota of newspapers, periodicals, journals and books. In this incarnation Balakrishna Marar was himself a carrier of civilization. His was a single man's crusade to spread the love of words which inaugurated a silent revolution in the reading culture of Kozhikode. Growing from strength to strength by dent off his seas to stone, Shri. Marar founded the original seminal Touring Book Stall, which of course all of you in Kozhikode endearingly call 'TBS', in a one room space on SM street in 1958. Through TBS, he sought to deliver books at his clients doorsteps thus, bringing the process of reading and buying books far closer to people's homes and hearts. Shortly afterward in 1963, he established 'Poorna Publishing', a redoubtable pillar of Malayalam publishing. So far I'm told that TBS in collaboration with Poorna Publishing has bought out close to ten thousand books including those of such stalwarts as Thakazhi Sivashankara Pillai, G. Sankara Kurup, Akkitham, S. K. Pottekkatt, O. N. V. Kurup, M. T. Vasudevan Nair, U. A. Khadhar, Jifri Thangal and Uroob. The royalties that he faithfully paid often helped to keep these great writers at the early stage of their lives, keep their heads above water. All of us as lovers of book must be grateful to Shri. Balakrishna Marar for his immense contribution to the world of Malayalam literature, and also for the avuncular warmth with which he famously encouraged and supported budding writers. It is individuals like him who remind us that books are not merely tiny black squiggles on white paper enclosed between two covers, they are instead products of the tireless struggle of several people, not just writers but also editors, publishers, type setters, designers, printers, distributers and bookshop sales people, as well as a lonely man on a bicycle. Without those people and that intimate tender human touch, literature of any kind is simply not possible. In fact that 20000 sq. feet shop that the TBS became, completely dedicated to the celebration of language and learning is his legacy and I think in many ways what Mr. Marar's life story tells us is that successful true value, when it is has been fueled by a purpose that seeks to help society prosper. His dream has created a publishing house and bookstore that remains the oldest and most trusted in South India for the last seven decades. And his autobiography fittingly won the prestigious Abu Dhabi Shakti Award for autobiography in 2006. We all sadly lost him last year but we are fortunate that his son Shri N. E. Manohar is taking his invaluable legacy forward.

As Salman Rushdi as often said "humans are the only species who to understand themselves and the world around them better, tell each other

stories, Stories to make sense of our world". And if it is not for such souls as Shri. Balakrishna Marar, the stories of our world and society would remain woefully untold. It's there for me all the more and honour to deliver a lecture in celebration of his memory and rich legacy.

Now not a day goes by these days without my being asked mostly by young children egged on by enthusiastic parents, what they must to develop a formidable vocabulary? My answer is inevitably just a single a word- Read! In fact it worries me today that reading for so many children, is no longer associated with pleasure. Reading instead is entwined with books, textbooks and studies confined to the drudgery of school obligations. So when it comes to pleasure, most youngsters nowadays prefer looking at a screen, their mobile phones or laptops, PlayStation or Nintendo. It would not I think be wrong to say that the covid-19 pandemic when one was helplessly closed at home, exacerbated the menace of the screen. Off late I have met too many children who have never read book for pleasure or entertainment, only for a classroom assignment. This is a terrible loss. And failing to convey the joy of reading is probably the biggest mistake that successive generations of parents and teachers have allowed themselves to make. But of course there is still time to remedy the situation. So long as we recognize the problem and work to rectify it.

My own childhood was rather different. Growing up as a child of middleclass parents in urban India in Mumbai and later Kolkata in the late 50s and 60s meant growing up with books. Television does not exist in the Bombay of my boyhood. I-phones, laptops, Nintendo and PlayStations were not even a gleam in inventor's eye, let alone mobile phones. And if your siblings were as in my case, two younger sisters with an age difference of four and six years from me, there was only one thing to do when you weren't with your friends- read! And as a young asthmatic child I was frequently confined to bed, struggling to breath and reading was my only solution. I read copiously, rapidly and indiscriminately. Because of the chronic asthma, I found so much pleasure in the book piled up in my bed side, that I stop resenting my illness. Reading became the central focus of my existence. There was not a day in my childhood that did not feature a book or several. One year I foolishly set myself the challenge of reading 365 books. I kept the list of volumes I finished comics didn't count. And indeed I reached 365 before Christmas. But I told my sons - "Never do this". Never read to a deadline because fulfilling that deadline interferes with the joy of reading. An abiding memory is of my mother coming into my room around eleven every night and switching off the light. I wasn't smart enough to think of holding a flashlight under the covers. But sometimes I would wait for my parents to fall asleep in their room, then surreptitiously switch my light on again to finish the book they had interrupted. The journey that begins the adventure reading is often ignited by a single book and of course by a parent. It was my mother who started me off on this journey to begin with because when I was still in diaper she would read to me from the Naughty books of Enid Blyton stories. It's about a nodding wooden doll and his friends in Toyland. My mother jokes that she read them so badly that I couldn't wait to grab the books from her by myself and so before I was three I was reading Naughty and soon moving on to read other stories by Blyton, the world's most prolific children's author whose prodigious output of over 200 books could take you through an entire childhood. It was only the beginning through the classroom with its British inspired curriculum was a rich source of inspiration at the age of nine I was already getting Lamb's tales from Shakespeare, at ten Charles Dickens's Oliver Twist both on a bridge and the Bard himself- Shakespeare mildly expedited made an appearance on the syllabus when I was eleven. In the same year and otherwise detestable teacher dictated a passage from P. G. Woodhouse at a spelling test and launched me on my first great literary passion of my life. There were also several Indian stories that I race through in those days. Sadly there were few good Indian children's books available in English in a market still dominated by the British. The one area where Indian publishers could hold their own was retelling the Indian Classics. I remember several versions of the traditional tales I had learnt from my grandmother, episodes on the Ramayan, the Mahabharat, which later inspired my first novel, and the fables of the ancient Jatakas in the Panchatantra. The other Indian stories I remember enjoying as a child were a clever short stories about Birbal and Tennali

Raman, two wise and witty men from opposite corners of the country, who resolved problems in what were essentially extended anecdotes. So mine was in all in all a childhood, I suppose it's a uniquely Indian experience to embrace both Blyton and Birbal, Jeeves and the Jatakas, Tintin and Tennali Raman in your reading. What persist and I have no doubt forever will is a vivid sense of books devoured as a sources of entertainment, of education, of escape, and of experience all be it vicarious experience. These are the very same emotions that we as parents, Educators and mentors must create for our own children. Books are like the toddy tappers hatchet cutting through the rough husks that enshrined our minds to tap into the exhilaration that ferments within. We owe to our children to help, to help to open their mindset to these possibilities by making reading fun again. Perhaps, we can start even with inappropriate reading as some people considered comics, just letting the children get into the habit of picking up something that is not a screen and reading it. Comics can have interesting themes, be alluring to look at and stimulating a thought. It's the child's curiosity that we must aim to peak and in so doing pave the way forward for them to begin their own adventure of reading. That is the power of the word! What more should I say about it?

Writers after all are supposed to write. We should leave the pontificating to the critics. But once in a while even writers are forced to think about their craft to interrogate themselves. Sarah Joseph did so just a few days ago in a lovely speech at Maharaja's College in Ernakulam. I was obliged to do so some years ago when I found myself the subject of a long interview, which include the somewhat startling question- "Do you think your text belong to you?" I suppose it was inevitable that sooner or later a professor of literature would ask me this postmodernist question. It came from Dr. Ranjan Ghosh of the University of Brainware, near Kolkata and faced with his earnest and impressively theoretical approach to my work. I had to explain that I not only have never taken a writing course, I didn't even study literature at the University. I thought that would be like learning about girls at a medical school. Indeed my favorite craft, my favorite story of the craft of teaching writing is that of the British instructor, who told his writing students that to ensure commercial success a story needs to contain religion, aristocracy, sex and mystery and be brief. The briefest submission duly came in one sentence long- 'My God! Exclaimed the Duchess of Argyll: I'm pregnant! Who did it?' Religion, aristocracy, sex and mystery all in the right order and stunningly brief. The instruction couldn't be better, the teacher gave up. Now, just as well writing to me is a wholly instinctual activity. It is about expressing your most intimate feelings and thoughts and it is as much you as the way you breathe. Nor would I want anyone else to tell me how to write. In my writing I've always seen the telling of the tale as being as important to me as its author, as the tale itself. My text belongs to me in the sense of the words I have chosen to employ are the only ones that are authentic to what I have tried to convey. The same story, the same concerns can obviously be told or expressed by different writers in different ways. My way is the way in which my text has chosen to tell itself through me and in that form it belongs solely to me. I'm glad to see Sara nodding in agreement.

But I've often felt as writer that I'm giving expression to something beyond myself. Something that emerges from a different realm, that I perhaps unconsciously tap into the act of writing. To that degree the text is both mine and beyond me. An artifact that emerges like a stream from the ocean of stories, the 'Kathasarithasagaram' that I've been privileged to channel in my readers, for that channel to my readers. For that reason, I'm prepared to accept the notion that my text may contain hidden meanings of which myself was not conscious in the act of writing. This is certainly true of painters, who may find something emerging from the brush strokes they have applied on the canvas, that was not wholly present in their mind when they were wielding the brush. Though text seems more limiting than the paint, the principle is essentially the same for all art. Of course the critic who read the meanings in the author did not consciously intent is guilty of a form of subversion and the author is entitled to argue back that his text does not support the critics' analysis. There the owner is on the critic to make his case and for the fair minded reader to draw her own conclusions.

My twenty-five books have all in different ways been about my personal exploration of In-

dia, of the forces that made it and nearly unmade it of the historical and philosophical traditions that have shaped the Indian identity. While, this is explicit in my twenty one books of non-fiction, my four books of fiction to which Mr. Sudhir has alluded today have also sought to explore the Indian condition particularly by looking at the kinds of stories that Indians tell about themselves, whether the stories of our epics and of our Nationalist struggles as in the 'Great Indian Novel' or the stories of the popular cinema as in 'Show Business', or the stories of the identity and the histories we construct for ourselves as in 'Riot'. In all three novels, though each is very different from other two, it is true to say that the architecture of the book speaks of an India of multiple stories, multiple perspectives, multiple tellers, and multiple truths. So if we come back to the Great Indian Novel, three or four people today have talked about it to me before I got on stage, I have rather overtly stake to claim for the tasks of my kinds of fiction, to affirm and enhance an Indian cultural identity, to broaden understanding of the Indian cultural and historical heritage, and to reclaim for Indians the story of India's nationalist experience and its own reassertion of itself including the triumphs and disappointments of Independence. My story in the Great Indian Novel was about the kinds of stories that Indians have been telling themselves, both the Mahabharat and the story of the Nationalist movements, and in it I set up to explore what has made India, what is the nature of truth in life as in fiction, in tradition as in history. My second novel 'Show Business' also deals with the stories Indian society tells itself except that instead of the olden myths I have seized on the contemporary myths invented by modern Hindi cinema. One is always looking for the new creative metaphors to explore the Indian condition and in a country of widespread illiteracy, especially when I wrote the book a majority of Indians were still illiterate in 1991. A country where popular film represents the primary vehicle for the transmission of the fictional experience, then cinema is a particularly useful vehicle this exploration. Can one use the power of the word to explore the power of the image? In addition, there are some interesting issues that emerge from the subject itself, the social and political relevance of popular cinema in India for instance has been dealt with surprisingly little in Indian fiction in English. And the whole process of the manufacture of our modern myths on celluloid is one that I found fascinating as a creative issue in itself. My concern was both with the question what to do these stories reveal about ourselves and with a distinct second set of questions how are these stories told, what do they mean to those who make them and those who view them, how do these stories relate to their lives. In 'Riot' the exploration of the build up to and the eruption of a Hindu-Muslim riot leads me to raise fundamental questions about the nature of truth, the construction of identity, the invention and reclaiming of the past, the uses of history, and the various collisions that life offers, collisions which means cultures between attitudes to life, between ideologies, between religious communities, and between men and women. Unlike the other two this is not a satirical novel and so it involved an important departure for me as a writer. And in many ways when I talk about my own books, it is to show you where I thought the power of the word could be applied so to some of my major intellectual preoccupations about India. I once said to an interviewer, this is a long time ago- "India matters to me and through my writing I would like to matter to India". The lines have been quoted back to me as a great deal and perhaps they sound more grandiose than I had intended. But the issue of national allegiance, their claim is real enough. The task of the writer if one can say such a thing is to find new ways and revive old ones of expressing one's culture, just as your society strives through development to find new ways of being and becoming. In turn the challenge of finding these new ways obliges the novelist, not just to find new stories to tell but new ways to tell them. For me as a writer, the way I tell the story is as important to me as the story itself. The manner in which the narrative unfolds is as integral to the novel as the story it tells and as essential I hope to the experience of the reader. I've always believed that as the very word 'novel' suggests there must be something innovative about every book I set out to write. In Riot, for example I perhaps explored the power of the word by telling the story through newspaper clippings, diary entries, interviews, transcripts, journals, scrap books, even poems written by the characters. In other words, using a different dozen voices, different stylistic fonds for different fragments



of the story. So the structure of the novel served a substantive purpose in pointing to different perceptions of truth and history, and therefore of the Indian reality. The narrative suggests that omniscience is not possible. The reader is in the hands of a dozen subjective narrators and feels the truth is indeed a word that can be modified by a possessive pronoun, a question I first asked in the Great Indian Novel. Riot is also a book you can read in any order though ideally you should read it from beginning to end , you can pick it up from any chapter go back or forward to any other chapter and you will bring a different level of awareness to the story. In so doing you would recreate my text as your own.

Some Indian critics still suggest that there is something artificial and un-Indian about an Indian writing in English. One critic disparagingly declared that the ‘acid test’ ought to be could this have been written only by an Indian and his view the Indian writing in English for the most part fails the test. Now I have not never been much of a literary theoretician as I already said in the beginning. But for the most, not all of my own writing, I would answer that my works could not only have only been written by an Indian but only by an Indian in English. I write for anyone who will read me, but first of all for Indians like myself. Indians who have grown up speaking, writing, playing, wooing and quarreling in English all over India. No writer really chooses a language. The circumstances of his upbringing ensure that the language chooses him. Members of this class have entered the groves of academy and condemn themselves in terms of bitter self reproach. One Indian scholar Professor Harish Trivedi has asserted, in English that Indian writers are cut off from the experimental mainstream and from that common cultural matrix shared with writers of all other Indian languages. Trivedi metaphorically cites the fictional English medium schools in R. K. Narayan’s story whose students must first rub off the sandalwood paste caste marks from their foreheads before they enter their portals. Quote again from Trivedi- “For this Golden gate is only for the day the deracinated, the ruthless to pass through, for those who have erased their antecedents”. It’s an evocative image even though I thought that the secular Indian state was supposed to encourage the erasure of casteism from the classroom. But the more important point is that writers like myself, do share a common cultural matrix or be one devoid of helpfully identifying cast marks. It is one that consists of an urban upbringing and a pan national outlook on the Indian reality. I do not think this is less authentically Indian than the world views of writers in other Indian languages. Why should the rural peasant or the small town school teacher with his sandal wood smeared forehead be considered more quintessentially Indian, than the music loving collegiate

or the Bombay socialite who are also much part of the Indian reality. India is a vast and complex country. In Walt Whitman's famous phrase it contains multitudes. I write of an India of multiple truths and multiple realities, an India that is greater than the sum of its parts. English expresses the diversity better than any Indian languages I know, precisely because It is not rooted in any one region of my vast country. At the same time as an Indian I remain conscious of and connected to my pre-urban and non Anglophone antecedents. My novels reflect an intellectual heritage that embraces as I mentioned the Mahabharata, our own 'Ottan Thullal' of which my father was a gifted practitioner and the Hindi B- movies of Bollywood along with Shakespeare, Woodhouse and the Beatles. Why not?

As a first generation urbanite myself, I kept it returning throughout my years, in my childhood in particular, to the Kerala villages of my parents in Palakkad. And in my life as in my writings I kept returning to Kerala. Yes, I have grown up in Bombay, Kolkata and Delhi, and each of those Indian cities is a thousand miles apart from each other. The mother of my children is half Kashmiri – half Bengali, my own mother used to live for many years in the southern town of Coimbatore and this may be a wider cultural matrix than the good Dr. Trivedi imagined. But it draws from a rather broad range of Indian experience and English is the language that brings these various threads of my India together. The language in which my former wife could speak to her mother in law, the language that enabled a Calcuttan to function in Coimbatore, a language that serves to express the complexity of the proliferous Indian experience better than any other language that I know. Inevitably the English language fundamentally affects the content of each of my books, but it does not determine the audience of the writer. Because, as long as the translations exist, language is a vehicle and not a destination. Of course there is no shame in acknowledging that English is a legacy of the colonial connection, but that is no less useful and valid than the railways, the Telegraphs or the Law courts that were also left behind by the British. Historically English helped us to find our Indian voice that great nationalist Jawaharlal Nehru wrote his discovery of India in English. But the eclipse of that dreadful phrase the Indo-Anglian novel has occurred precisely because Indian writers have evolved well beyond the British connections to their native land. The days when Indians wrote novel in English either to flatter or rail against their colonial masters are well behind us. Now we have Indians in India writing as naturally about themselves in English as Australians or South Africans do. And their tribe has been supplemented by India's rich diaspora in the United States which has already produced an impressive crop of novelists with pullet surprises and National Book of Awards to their names. Their addresses don't matter, because writers really live inside their own head and on the page and geography is merely a circumstance. Their writers secure of themselves and their heritage of diversity and they write free of the anxiety of audience, for theirs are narratives that appeal as easily to foreigners as to Indians and indeed to readers, irrespective of their ethnicity. Surely, that's the whole point about literature. That for a body of fiction to constitute a literature, it must rise above its origins in setting even its language, to render accessible to a reader anywhere, some insight into the human condition. Read my books and those of other Indian writers, not because we are Indian, not necessarily because you are interested in us or in the country, but because these books are worth reading in and of themselves. And so each time you pick one of my books, ask not for whom I write. I write for You!

So to go back to the question that the professor asked me- does my text belongs to me? As Sudhir has already quoted me saying so, but perhaps for the late comers it might be interesting. I write as George Bernard Shaw said for the reason, the same reason that a cow gives milk. It's inside me, It's got to come out and in the real sense I would suffer if I couldn't. It's the way I express my reaction to the world I live in, to the world I see around me and the world I try to imagine. It would be as futile to claim the ownership of it, as for a cow to assert that she owns the milk she has provided. No, dear reader, the text no longer belongs to me. It belongs to You! Thank you very much!

●

(പൂർണ കൾച്ചറൽ ഫെസ്റ്റിവലിൽ ഡോ. ശശി തരൂർ നടത്തിയ പ്രസംഗം കേൾക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.)

വായന

ഡോ. കെ. ദേവീകൃഷ്ണൻ

എം.ടി. എന്ന ഏകാക്ഷരം

യുനെസ്കോ സാഹിത്യ നഗരം എന്ന പദവി നൽകി കോഴിക്കോട് നഗരത്തെ ആദരിച്ചത് നവംബർ മാസത്തിലാണ്. സാഹിത്യ പൈതൃകം, വായനശാലകളുടെയും പ്രസാധകരുടെയും എണ്ണം, സാഹിത്യസമ്മേളനങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയെല്ലാം കോഴിക്കോടിനെ ലോക ഭൂപടത്തിൽ സാഹിത്യനഗരമെന്ന പദവിക്ക് അർഹമാക്കി. കോഴിക്കോടിന് പുറത്തുള്ളവരാണ് ഈ നഗരത്തെ സ്വന്തം ദേശമാക്കി പ്രൗഢഗംഭീര ഗദ്യങ്ങളുടെ, കവിതകളുടെ, കഥകളുടെ, നോവലിന്റെ, നാടകങ്ങളുടെ, സംഗീതത്തിന്റെ ഇടമാക്കി ലോകപ്രശസ്തമാക്കിയത്. വൈക്കം മുഹമ്മദ് ബഷീർ, ഉറൂബ്, സുകുമാർ അഴീക്കോട്, അക്കിത്തം, എൻ. വി. കൃഷ്ണവാരിയർ, എം. ടി. വാസുദേവൻ നായർ, കെ. ടി. മുഹമ്മദ് തുടങ്ങി സുഭാഷ് ചന്ദ്രൻ വരെയുള്ളവർ ഈ സാഹിത്യ നഗരത്തെ സർഗസൃഷ്ടികൾ കൊണ്ട് സമ്പന്നമാക്കിയവരാണ്.

എഴുതിയവരൊക്കെ വീണ്ടും വീണ്ടും വായിക്കപ്പെടുക, ഉദ്ധരിക്കപ്പെടുക, സഹൃദയരുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടുക എന്നിവയൊക്കെ അപൂർവം പ്രതിഭാശാലികൾക്കു മാത്രമേ സാധ്യമാകൂ. അങ്ങനെയുള്ളവരുടെ ഗണത്തിലാണ് എം. ടി. ഉൾപ്പെടുന്നത് എന്ന് ഏവർക്കുമറിയാം. ചെറുകഥ, നോവൽ, ലേഖനം, തിരക്കഥ എന്നീ ഓരോ വിഭാഗത്തിലും വീരഗാഥ സൃഷ്ടിച്ചു കൊണ്ടാണ് അദ്ദേഹം ആസ്വാദകരുടെ മനസ്സിൽ ഇടം പിടിച്ചത്. മലയാളത്തിലെ പ്രശസ്തരായ നിരവധി സാഹിത്യകാരൻമാരുടെ രചനകൾ എം. ടി.യുടെ കൈകളിലൂടെയാണ് – മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ നമ്മളിലേക്കെത്തിയത്. കൂടല്ലൂർ എന്ന ഗ്രാമത്തിലെ പ്രകൃതി, കാർഷിക ജീവിതം, വാണിജ്യം, നായർ തറവാടുകളിൽ നിലനിന്നിരുന്ന മരുമക്കത്തായ സമ്പ്രദായം തുടങ്ങി വാരാണസിയിലെയും അമേരിക്കയിലെയും വരെ മനുഷ്യരുടെ കഥകൾ എം. ടി. സഹൃദയലോകത്തിനു സമ്മാനിച്ചു.

തന്റെ ജീവിതവും കൃതികളും കൊണ്ട് ഒരു കാലഘട്ടത്തിന്റെ കാഴ്ചപ്പാട് തന്നെ മാറ്റി ഒരു തലമുറയുടെ മുഴുവൻ വീരാരാധനയ്ക്ക് പാത്രമാകാൻ കഴിഞ്ഞ മറ്റൊരെഴുത്തുകാരനെ നമുക്ക് സങ്കൽപ്പിക്കാൻ പ്രയാസമുണ്ട് എന്ന് ഹെമിങ്വേ ഒരു മുഖവുര എന്ന കൃതിയിൽ എം. ടി. എഴുതുന്നുണ്ട്.

എം. ടി.യുടെ ഏറ്റവും നല്ല കഥാപാത്രം എം. ടി. തന്നെയാകുന്നു. എം. ടി. ക്ക് സാഹിത്യ രചന മനസ്സിൽ സംഘർഷമുണ്ടാക്കുന്ന ഒന്നാണ് അല്ലാതെ വെറും ഹോബിയല്ല. സാഹിത്യ രംഗത്തും ചലച്ചിത്ര മേഖലയിലുമുള്ള അദ്ദേഹത്തിന്റെ പ്രസിദ്ധി, സ്വീകാര്യത, സംഘാടനമികവ് എന്നിവ മലയാളിയുടെ സ്വകാര്യ അഹങ്കാരമാണ്. ഇതു തന്നെയാണ് ശ്രീജിത് പെരുന്തച്ചൻ തന്റെ പുസ്തകത്തിന് തലക്കെട്ട് എം. ടി. എന്ന ഏകാക്ഷരം എന്നാക്കാൻ കാരണം. എം. ടി. ക്ക് വായനക്കാർക്കിടയിൽ കൈവന്ന വലുതായ സ്വീകാര്യത നിമിത്തം എം. ടി. എന്നത് മലയാളികൾ രണ്ടക്ഷരമായല്ല ഏകാക്ഷരമായാണ് വായിക്കുന്നത് എന്നു സാരം.

മെയ് മാസത്തിൽ എം. ടി. നവതി സാദരം സമ്മേളനത്തിനോടനുബന്ധിച്ചു 'കാഴ്ച' എന്ന പേരിൽ അദ്ദേഹത്തിന്റെ ജീവിതത്തിലെ അനർഘ നിമിഷങ്ങളെ രേഖപ്പെടുത്തിയ ചിത്രപ്രദർശനം സംഘടിപ്പിച്ചിരുന്നു. അതു കാണാനും കഥയുടെ ചക്രവർത്തിയുമായുള്ള സ്നേഹസംഗമത്തിന് പങ്കെടുക്കാനും അച്ഛൻ മേലാറ്റൂർ രാധാ

കൃഷ്ണനും അമ്മ രോഹിണീ ദേവിയോടുമൊപ്പം തിരൂർ തുഞ്ചൻ പറമ്പിൽ എത്തിയ സന്ദർഭത്തിലാണ് 'എം. ടി. എന്ന ഏകാക്ഷരം' എന്ന ശ്രീജിത്തിന്റെ പുസ്തകം കാണാനിടയായത്. ഏകദേശം അറുപതു കൊല്ലങ്ങളായുള്ള അദ്ദേഹത്തിന്റെ സാഹിത്യ ജീവിതത്തിലെ നിർണായകമുഹൂർത്തങ്ങളെക്കുറിച്ചുള്ള അറിവുകൾ ശേഖരിച്ച് അമ്മ ആൽബങ്ങളായി സൂക്ഷിച്ചു വരുന്നു. അവയിൽ നിന്ന് തിരഞ്ഞെടുത്ത ചിത്രങ്ങളുടെ പ്രദർശനവും ആഘോഷങ്ങളുടെ ഭാഗമായിരുന്നു. എം. ടി. പുസ്തകങ്ങളുടെ വിവിധ പതിപ്പുകൾ, ലേഖനങ്ങൾ, അദ്ദേഹത്തെക്കുറിച്ചുള്ള വാർത്തകൾ, എം. ടി. കൃതികളുടെ നിരൂപണങ്ങൾ, ചിത്രങ്ങൾ, പത്രങ്ങളിലും ആനുകാലിക പ്രസിദ്ധീകരണങ്ങളിലും വന്നിട്ടുള്ള വാർത്തകൾ, എം. ടി. പങ്കെടുത്ത സമ്മേളനങ്ങളുടെ നോട്ടീസുകൾ, എം. ടി. അയച്ച എഴുത്തുകൾ എന്നിങ്ങനെ ഈ അതുല്യ സർഗപ്രതിഭയെ വ്യത്യസ്ത വീക്ഷണകോണുകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്ന വിപുലമായ ശേഖരം ആൽബങ്ങളിലാക്കി രോഹിണീ ദേവീ സൂക്ഷിച്ചു വരുന്നു.



എം. ടി. എന്ന ഏകാക്ഷരം എന്ന പുസ്തകത്തിലെ പത്തൊമ്പത് അദ്ധ്യായങ്ങളിലൂടെ, നവതിയിലെത്തിനിൽക്കുന്ന കഥയുടെ/നോവലിന്റെ/സിനിമയുടെ ചക്രവർത്തിയുടെ ജീവിതം വായക്കാരിൽ നിറയുന്നു.

എം. ടി. ഉപയോഗിക്കുന്ന വാക്കിന് പകരം വാക്കില്ല. 'ഓപ്പോൾ' എന്ന് സിനിമക്ക് പേരിട്ടപ്പോൾ ആ വാക്കെന്താണെന്ന് തെക്കുള്ളവർക്കറിയുമോ എന്നതായിരുന്നു നിർമ്മാതാവിന്റെ സന്ദേഹം. പക്ഷേ, വള്ളുവനാടൻ ഭാഷയിലുള്ള ആ വാക്ക് അവരും മനസ്സിലാക്കട്ടെ എന്ന ഉറച്ചനിലപാടാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

പിറന്നാളുകൾ ആഘോഷിക്കണമെന്നു കരുതിയ കാലത്ത് എം. ടി.ക്ക് അതിനു കഴിയാത്തതിന്റെ വേദന കർക്കടകമഴയായി നമുക്കു മുന്നിൽ പെയ്തിറങ്ങിയിട്ടുണ്ട്. എം. ടി. രചിച്ച ഏറ്റവും 'ചെറിയ കഥ' ഏതെന്നുള്ള ശ്രീജിത്തിന്റെ അന്വേഷണം കൗതുകമുളവാക്കുന്നു. 'രേഖയില്ലാത്ത ചരിത്രം' എം. ടി.യുടെ പിറന്നാളിന്റെ അന്നുതന്നെ എം. ടി. ഗ്രന്ഥകാരനെ പറഞ്ഞുകേൾപ്പിച്ചതിന്റെ ശബ്ദവീചികൾ വായനക്കാരിലുമെത്തുന്നു.

കവിതയും കദനവുമാണ് എം. ടി.യുടെ എഴുത്തിന്റെ മാസ്മരികശക്തി എന്ന് ശ്രീജിത് എഴുതുന്നു. വായനക്കാരെ സ്വപ്നം കാണാൻ പഠിപ്പിച്ച സാഹിത്യകാരനാണ് എം. ടി. തിരസ്കരിക്കപ്പെടുന്നവരുടെ കദനവും രോഷവും അവരവരുടേതായി മാറുന്ന രചനാതന്ത്രത്തിനു മുന്നിൽ മലയാളികൾ നമസ്കരിക്കുന്നു. വിമലയും സുമിത്രയും അനുഭവിച്ച തിരസ്കാരം സഹൃദയർ മറക്കില്ല. 'ഇടയ്ക്കൊക്കെ ഒന്നു ചിരിക്കണം അല്ലെങ്കിൽ ആ മഹാസിദ്ധി മറന്നുപോവും' എന്ന മഞ്ഞിലെ സർദാർജിയുടെ വാക്കുകൾ എല്ലാക്കാലത്തേക്കുമുള്ളതാകുന്നു.

എം. ടി. പറഞ്ഞു വരൂ, വിലപിടിപ്പുള്ള വാക്കുകൾ, കഥ പറഞ്ഞുതന്ന അനുഭവം, എം. ടി. എന്ന ഏകാക്ഷരം, നിലാവ് ചന്ദ്രനിൽ എന്നപോലെ, അടക്കിപ്പിടിച്ച വ്യസനങ്ങളുടെ കഥാകാരൻ, അരനൂറ്റാണ്ട്കാലം, മഞ്ജിഷ്ഠം കലർത്തിയ എള്ളെണ്ണയുടെ മണം, അനസൂയ വിശുദ്ധമായ ആത്മീയശോഭ, നഗരമേ നിന്റെ ഓർമ്മയ്ക്ക്, പട്ടാഭിഷേകം, ജീവിതം വല്ലാതെ മുഷിയുമ്പോൾ, ഈറൻ മേഘം പോലെ, ജാല(ക)വിദ്യ തുടങ്ങിയ രചനകളിലൂടെ ഗ്രന്ഥകാരൻ നവതിയിലെത്തിയ എഴുത്തിന്റെ പെരുന്തച്ചന് ഗുരുദക്ഷിണ നൽകുന്നു. എം. ടി.യുടെ കൃതികൾ, പ്രധാനകഥകൾ, ജീവിതരേഖ എന്നിവ പുസ്തകത്തെ ഒരു 'എം. ടി. റഫറൻസ് ഗ്രന്ഥം' എന്ന തലത്തിലേക്കുകൂടി മാറ്റുന്നുണ്ട്. കവിയും പത്രപ്രവർത്തകനുമായ ശ്രീജിത് പെരുന്തച്ചൻ രചിച്ച ഈ പുസ്തകം പൂർണ പബ്ലിക്കേഷൻസാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്.

എം. ടി.യുടെ പ്രധാനകൃതികളിലേക്ക് ശ്രീജിത് ആഴ്ന്നിറങ്ങുന്നുണ്ട്. പതിവ് ആസ്വാദന രീതികളിൽ നിന്ന് കുതറി മാറി സഞ്ചരിക്കുവാൻ ഗ്രന്ഥകാരൻ ശ്രദ്ധിക്കുന്നു. നോവൽ / കഥ ആസ്വാദനത്തോടൊപ്പം എം. ടി. എന്ന പ്രിയ കഥാപാത്രത്തെ തന്റേതായ ശൈലിയിൽ വരച്ചിടുന്നത് ഒറ്റയിരിപ്പിൽ വായിച്ചുപോകുന്ന രീതിയിലാണ് പുസ്തകരചന. അകലെ നിന്നുള്ള ആരാധനയിൽ നിന്ന് എം. ടി. യുടെ മനസ്സിൽ ഇടം പിടിക്കാൻ സാധിച്ചതിന്റെ ചാരിതാർത്ഥ്യം അനുവാചകന് അനുഭവിക്കാനാവുന്നു.

നാലുകെട്ടിനെക്കുറിച്ചുള്ള ശ്രദ്ധാർഹമായ ഒരു പഠനം പുസ്തകത്തിലുണ്ട്. മരുമക്കത്തായ കൂട്ടുകുടുംബസമ്പ്രദായം പശ്ചാത്തലമാക്കിയുള്ള നാലുകെട്ട് 1950 കാലഘട്ടത്തെ കൂടല്ലൂരിനെയും പരിസര ദേശങ്ങളെയും മലയാളിക്ക് കാണിച്ചുതരുന്നു. കൂടല്ലൂരിന്റെ വാമൊഴികൾ, സർപ്പംതുള്ളൽ, മതസൗഹാർദം, മനസ്സിൽ സങ്കടമൊതുക്കുന്ന കഥാപാത്രങ്ങൾ, വളർന്നു വലുതായി ലോകം കീഴടക്കുന്ന അപ്പുണ്ണി, വെള്ളപ്പൊക്കം എന്നിവയെല്ലാം നിറഞ്ഞ നാലുകെട്ട്.

'ഞാനൊരു തമാശ പറയട്ടെ. കേൾക്കട്ടെ എന്ന ഭാവത്തിൽ അവൾ നിന്നു. എനിക്ക് നിങ്ങളെ ഇഷ്ടമാണ്. കാരണമൊന്നുമില്ല. അയാളുടെ വരണ്ട് വികൃതമായ മുഖത്ത് രക്തച്ഛായകൾ

മിന്നിമായുന്നത് കണ്ടു. അവൾ പരിഭ്രമിച്ചു പോയി. ഓ, പരിഭ്രമിക്കാനൊന്നുമില്ല. വഴിയിൽ തടഞ്ഞുനിർത്തില്ല. പ്രേമലേഖനമെഴുതില്ല. ഒന്നും ചെയ്യില്ല. ഒരു ബന്ധവും സങ്കൽപ്പിക്കാതെ വെറുതെ..... എനിക്ക് നിങ്ങളെ ഇഷ്ടമാണ്. (മഞ്ഞ്) ഈ വരികളാണ് എം. ടി. യുടെ മകൾ അശ്വതിക്ക് ഏറെ പ്രിയം. നിബന്ധനകളില്ലാത്ത ഇഷ്ടംതന്നെയാണല്ലോ അടക്കിപ്പിടിച്ച ദുഃഖങ്ങളുടെ കഥാകാരനും പ്രിയം. 'കാലത്തിന്റെ നടപ്പാതയിൽ ഈ നിമിഷം പണ്ടേ സ്ഥാനം പിടിച്ചതായിരുന്നു. ഓടിക്കിതച്ചും കാലിടറിയും അവസാനം നിങ്ങൾ ഇതിന്നു സമീപം എത്തിയിരിക്കുന്നു. യുഗങ്ങൾക്കു മുമ്പേ നിങ്ങൾക്കുവേണ്ടി രേഖപ്പെടുത്തിയ നിമിഷം' – '(മഞ്ഞ്). നോവലിലെ സംഗീതമായ മഞ്ഞിനെ കാത്തിരിപ്പിന്റെ കഥയായി കാണാം. വിമല പറയുന്നതു: അത് തന്നെയാണ് – വരാതിരിക്കില്ല. നൈനിറ്റാളിലെ മഞ്ഞുകണങ്ങൾ വേദനയുടെ മരവിപ്പാകുന്നു. കോഴിക്കോടിന്റെ ഭാഗ്യമാണ് എം. ടി. കോഴിക്കോട്ടെ പ്രശസ്ത ഹോട്ടലുകളിലെ എഴുത്തു മേശകളിലാണ് മലയാളികളെ വിസ്മയിപ്പിച്ച അദ്ദേഹത്തിന്റെ രചനകൾ സൃഷ്ടിക്കപ്പെട്ടത്. എഴുത്തിലെ ഗജകേസരിയോഗക്കാരന്റെ പ്രതിഭയുടെ തിളക്കം. 1952-ൽ തുടങ്ങിയ ജൈത്രയാത്ര. കോഴിക്കോടിന്റെ ഓരോ തെരുവും മനുഷ്യ ജീവിതവും സാഹിത്യജീവിതവും അറിഞ്ഞ് ആഘോഷിച്ച കഥാകാരൻ.

നിങ്ങൾ എന്തിന് എഴുത്തുകാരനായി എന്ന് ഒരാൾ ചോദിച്ചാൽ എനിക്ക് പറയാനറിയാം. ആദ്യം മുതൽക്കേ ഞാൻ മറ്റൊന്നായിരുന്നില്ല എന്ന് കാഥികന്റെ പണിപ്പുരയിൽ എം. ടി. എഴുതുന്നുണ്ട്. നവതി ആഘോഷങ്ങളുടെ നടുവിലും കൂടല്ലൂർ പശ്ചാത്തലമായി കാർഷികസംസ്കൃതിയുടെ നേർചിത്രം കാണിച്ചുതരുന്ന പുതിയ നോവലിന്റെ ആലോചനയെക്കുറിച്ചും രചയിതാവിനോട് മനസ്സ് തുറക്കുന്നുണ്ട് അദ്ദേഹം. എന്റെ സാഹിത്യജീവിതത്തിൽ മറ്റെന്തിനോടുള്ളതിലധികം ഞാൻ കടപ്പെട്ടിരിക്കുന്നത് കൂടല്ലൂരിനോടാണ്. വേലായുധേട്ടന്റെയും ഗോവിന്ദൻകുട്ടിയുടെയും പകിടകളിക്കാരൻ കോന്തുണ്ണി അമ്മാമയുടെയും കാതുമുറിച്ച മീനാക്ഷിയേടത്തിയുടെയും നാടായ കൂടല്ലൂരിനോട്.'

വാരാണസി എന്ന നോവലിനെക്കുറിച്ചുള്ള ഒരു സമഗ്രപഠനം ഈ പുസ്തകത്തിലുണ്ട് – അനസൂയവിശുദ്ധമായ ആത്മീയശോഭ എന്ന പേരിൽ. കാശിയിലെ ഓരോ ഘട്ടുകളെക്കുറിച്ചും വിശദമാക്കുമ്പോൾ കുമരനല്ലൂരിലെ കുളങ്ങളെക്കുറിച്ചും ഓർമ്മിപ്പിക്കുന്നുണ്ട്. വാരാണസിയുടെ രചനക്കുവേണ്ടി കാശിയിലെത്തിയ നോവലിസ്റ്റ് കാണുന്നത് ശവങ്ങൾ എരിയുന്നതാണ്. ഈ പരിസരത്തിൽ ഒരു കുട്ടി ഒന്നുമറിയാതെ പട്ടം പറത്തി നടക്കുന്നതിനെപ്പറ്റി എം. ടി. എഴുതിയിട്ടുണ്ട്. ഭാരതീയ സംസ്കാരത്തെ ഉയർത്തിപ്പിടിച്ചു കൊണ്ടുതന്നെയാണ് നോവലിന്റെ ഘടന. തുളസീദാസരാമായണവും രാമചരിതമാനസവും ബനാറസ് സിൽക്ക് സാരിയുമൊക്കെ നോവലിൽ ഇണക്കിച്ചേർത്തിട്ടുണ്ട്. മരണത്തിന്റെ നഗരമായ വാരാണസിയുടെ സാംസ്കാരിക പൈതൃകം ആത്മീയശോഭ നൽകുന്നു. 'ആയിരം പൂർണചന്ദ്രനെ കാണുക, ശരാശരി ഇന്ത്യക്കാരന്റെ വയസ്സ് നോക്കുമ്പോൾ അത് ആഘോഷിക്കപ്പെടേണ്ടതാണ്. ദൈവത്തോട് നന്ദി പറയേണ്ട ബാധ്യതയുണ്ട്' എന്ന വാരാണസിയിലെ ഹൃദയസ്പർശിയായ വരികൾ ജീവിതത്തെക്കുറിച്ച് വലുതായ ഉൾക്കാഴ്ച നൽകുന്നു.

ജീവിതം തന്നെ ഒരു ഉൽകണ്ഠയായി ചലച്ചിത്ര താരം മമ്മൂട്ടിയോടു അദ്ദേഹം പറയുന്നുണ്ട്. രോഗങ്ങൾ, അവശത ഇതിനെക്കുറിച്ചു തന്നെയാണ് അദ്ദേഹവും ഏതൊരു സാധാരണ മനുഷ്യനെയുംപോലെ ആശങ്കപ്പെടുന്നത്. കോട്ടക്കൽ ആര്യവൈദ്യശാലയിലെ മുൻ മാനേജിങ് ട്രസ്റ്റിയായ ഡോ. പി. കെ. വാരിയർ, ഇപ്പോഴത്തെ ചീഫ് ഫിസിഷ്യനായ ഡോ. പി. എം. വാരിയർ, ഡോ. കെ. മുരളീധരൻ എന്നിവരുടെ വിദഗ്ദ്ധ ചികിത്സാ നിർദ്ദേശങ്ങളാണ് നവതി ആഘോഷിക്കുന്ന എം. ടി. യുടെ ആരോഗ്യത്തെ സംരക്ഷിച്ചു പോരുന്നത്. എല്ലാ വർഷവും ചികിത്സക്ക് എം. ടി. കോട്ടക്കലെത്തുന്നു. എല്ലാ മതവിഭാഗക്കാരും തൊഴുന്ന കോട്ടക്കലിലെ വിശ്വംഭരൻ അദ്ദേഹത്തെ അനുഗ്രഹിക്കുന്നു. പുതുസൃഷ്ടികൾക്കുള്ള ഊർജം നൽകുന്നു – പത്രപ്രവർത്തകനായ ശ്രീജിത് ലബ്ധപ്രതിഷ്ഠനായ മുതിർന്ന ഒരു പത്രാധിപർക്കു നൽകുന്ന ഗുരുദക്ഷിണ കൂടിയാകുന്നു എം. ടി. എന്ന ഏകാക്ഷരം. നവതിയുടെ നിറവിൽ നിൽക്കുന്ന മലയാളത്തിന്റെ സുകൃതത്തിന് സ്വീഡിഷ് അക്കാദമിയുടെ അംഗീകാരവും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

●

പൂർണയിലേയ്ക്ക് രചനകൾ അയയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്

'പൂർണ'യിലേയ്ക്ക് പ്രസിദ്ധീകരണാർത്ഥം രചനകൾ അയയ്ക്കുന്നവർ അവയുടെ കോപ്പി സൂക്ഷിക്കേണ്ടതാണ്. പ്രസിദ്ധീകരണാർഹമല്ലാത്ത രചനകൾ ഒരു കാരണവശാലും തിരിച്ചുതരുന്നതല്ല. രചനകൾ അയയ്ക്കേണ്ട വിലാസം: പബ്ലിക്കേഷൻ വിഭാഗം, പൂർണ പബ്ലിക്കേഷൻസ്, ടി.ബി.എസ്. ബിൽഡിങ്സ്, ജി.എച്ച്. റോഡ്, മുതലക്കുളം, കോഴിക്കോട് – 1. ഫോൺ: 7560822223.

പ്രകാശനങ്ങൾ

സ്നേഹമതിലുകൾ

പൂർണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച, എച്ച്മുക്കുട്ടിയുടെ 'സ്നേഹമതിലുകൾ' എന്ന നോവൽ എഴുത്തുകാരി ജിസ ജോസ് അധ്യാപികയും കവയിത്രിയുമായ സംഗീത ജയയ്ക്ക് നൽകി പ്രകാശനം ചെയ്തു. ടി.ബി.എസ് ഹാളിൽ നടന്ന ചടങ്ങിൽ ഡോ. കെ. വി. തോമസ് അധ്യക്ഷനായിരുന്നു. സാമൂഹിക പ്രവർത്തക കെ. അജിത മുഖ്യപ്രഭാഷണം നടത്തി. ഡോ. കെ. ശ്രീകുമാർ സ്വാഗതം ആശംസിച്ചു. പ്രീതി പ്രശാന്ത് പുസ്തകപരിചയവും, കവിത രാജേന്ദ്രൻ നന്ദിയും പറഞ്ഞു.



രാജൻ എവിടെ?

പൂർണ പ്രസിദ്ധീകരിച്ച സെബാസ്റ്റ്യൻ ജോസഫിന്റെ രാജൻ എവിടെ? എന്ന പുസ്തകം നോവലിസ്റ്റും കഥാകാരനുമായ യു. കെ. കുമാരൻ വേണു പൂവ്വാട്ടുപറമ്പിന് നൽകി പ്രകാശനം ചെയ്തു. എൻ. ഇ. ബാലകൃഷ്ണമാരാർ ഹാളിൽ (ടി. ബി. എസ് ഹാൾ) നടന്ന ചടങ്ങിൽ ഡോ. കെ. വി. തോമസ് അദ്ധ്യക്ഷം വഹിച്ചു. കെ. എഫ്. ജോർജ് പുസ്തകപരിചയം നടത്തി. എൻ. ഇ. മനോഹർ, ഡോ. കെ. ശ്രീകുമാർ, ലിജി ടി. കെ. എന്നിവർ സംസാരിച്ചു.



കവിത



മാറാട്ടം

വൈരമുത്തു

പരിഭാഷ: കെ. എസ്. വെങ്കിടാചലം

തീപ്പെട്ടിക്കൊള്ളികൾ
കൂട്ടത്തോടെ കത്തിക്കാൻ വന്നാൽ
എന്ത് ചെയ്യും?
തിരിയാവൂ

അമ്പുകൾ കൂട്ടത്തോടെ
തുളയ്ക്കാൻ വന്നാൽ
എന്തു ചെയ്യും?
പുല്ലാങ്കുഴലാവൂ

ആനന്ദം മാത്രമാണ്
ജീവിതമെങ്കിൽ
എവിടുന്ന് നേടും
അനുഭവങ്ങൾ?

ആകാശത്ത്
പകൽ മാത്രമാണെങ്കിൽ
നക്ഷത്രങ്ങളെ
എങ്ങനെ ആസ്വദിക്കും?

വേഗം ചെല്ലൂ
നിന്നെ അത് മാറ്റുന്നതിനുമുമ്പ്
കാലത്തെ നീ മാറ്റൂ
പുതുവർഷം
പൊന്നാവണമോ?

മാറ്റൂ അതിനെ
നിന്റെ വർഷമായി
വിയർപ്പ് വിതയ്ക്കൂ
മുത്ത് വിളയും

●

മികച്ച പുസ്തകനിർമ്മിതിക്കുള്ള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് ‘ബുദ്ധവെളിച്ച’ത്തിന്

കഴിഞ്ഞ മൂന്നു വർഷങ്ങളിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങളിൽ ഏറ്റവും മികച്ച പ്രൊഡക്ഷനുള്ള അവാർഡ് ‘ബുദ്ധവെളിച്ചം’ പുറത്തിറക്കിയ ‘പൂർണ പബ്ലിക്കേഷൻസി’നു ലഭിച്ചു. 20,000 രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന അവാർഡ് ജനുവരിയിൽ സമ്മാനിക്കുമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അറിയിച്ചു. കേരള സാഹിത്യ അക്കാദമിയുടെയും ഡൽഹി ‘ഫെഡറേഷൻ ഓഫ് ഇന്ത്യൻ പബ്ലിഷേഴ്സി’ന്റെയും മികച്ച പുസ്തക നിർമ്മിതി അവാർഡുകൾ ‘ബുദ്ധവെളിച്ച’ത്തിനാണ് ലഭിച്ചത്. പ്രശസ്തമായ ‘ഗോൾഡൻ ബുക്ക് ഓഫ് ദ ഇയർ’ അവാർഡടക്കം പത്തിലേറെ ദേശീയ - സംസ്ഥാന ബഹുമതികൾ ലഭിച്ച ഈ പുസ്തകം ഇപ്പോൾ പരിഷ്കരിച്ച പതിപ്പിലാണ്.



വി. പി. ഏലിയാസിന് പുരസ്കാരം

വി. പി. ഏലിയാസ് രചിച്ച്, ‘പൂർണ’ പ്രസിദ്ധീകരിച്ച ‘ഇരുളൻ’ മൂന്നാമത് മാലത്ത് നാരായണൻ സ്മാരക സാഹിത്യപുരസ്കാരത്തിന് അർഹമായി. കീഴരിയൂർ റാന്തൽ തീയറ്റർ വില്ലേജാണ് പുരസ്കാരം ഏർപ്പെടുത്തിയത്. കീഴരിയൂർ ഫെസ്റ്റിൽ പുരസ്കാരം സമ്മാനിച്ചു.



പി. കെ. ഗോപിക്ക് എസ്. ശിവശങ്കരപ്പിള്ള സ്മാരക പുരസ്കാരം

സ്വാതന്ത്ര്യസമരസേനാനി എസ് ശിവശങ്കരപ്പിള്ള സ്മാരകട്രസ്റ്റ് ഏർപ്പെടുത്തിയ പുരസ്കാരത്തിന് പി. കെ. ഗോപി അർഹനായി. 25,000 രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന പുരസ്കാരം പുല്ലുവഴി പി. കെ. വി സ്മാരകകേന്ദ്രത്തിൽ നടന്ന ചടങ്ങിൽ പന്ന്യൻ രവീന്ദ്രൻ സമ്മാനിച്ചു.



കവിത

സുകുമാരൻ ചാലിഗദ്ദ

ആന ചിരിപ്പിച്ച തുമ്പികൾ

ചിറകുവിരിയാത്ത പൂവിനിതൾ മടിയിൽ
തനിച്ചുറങ്ങാൻ കൊതിച്ച കാതുകൾ
കളിവീട്ടിലെ ഊഞ്ഞാൽ മെത്തയിൽ
ഒളിപ്പിച്ചുവെച്ച താരാട്ടിനൊപ്പം കൂട്ടുകൂടി.
കുയിലെണ്ണ തേച്ച പുലരി പൊൻസൂര്യൻ
പൂമ്പാറ്റയായി പറന്ന നേരം
പുലിയായ കുഞ്ഞുങ്ങളെല്ലാരും ചേർന്ന്
പൂച്ചൂടാൻ പുറത്തുപോയി.
തെളിനീരിലെല്ലാം മൂവന്തിചന്ദ്രന്റെ
പുത്തനുടുപ്പിന് ചീവീട് മുത്തി
മൂത്ത മരത്തിന്റെ മൂത്തൊരു കായേൽ
കാലം കുടഞ്ഞിട്ട പൂമ്പൊടി പാറ്റി.
പണ്ടേ പലനിറ മാനിന്റെ മക്കൾ
മാറാത്ത കാറ്റത്തൂഞ്ഞലാടി
മഴയും മനസ്സും കൂട്ടുന്ന രാത്രി
മാരിവിൽ മാനത്ത് കൂടുകെട്ടി.
മാസം തികയാത്ത മഞ്ഞുമണങ്ങൾ
മണ്ണിൽ പലവിധ തറകളായി
കൊങ്ങിണിപ്പൂവിന് മുറ്റമടിക്കാൻ
നാലന്തി ചിരിക്കുന്ന മുറ്റമായി.
മൂടുന്ന കാർമേഘ കാട്ടിൽ
ആന ചിരിപ്പിച്ച തുമ്പികളെല്ലാം
ഞാൻ കണ്ട പൂക്കളിൽ തുമ്പ നട്ടു
പൂതി കൊതിക്കൂട്ടും വെട്ടത്തിൽ
ആരോ മലമാനെ ഓട്ടിവിട്ടു.
വീടെത്തി വീഴാതെ വീണമുട്ടി
മീനത്തിൽ മീനും ചിറകുവെച്ചു
വ്യാഴത്തിൽ മൂച്ചുള്ള വേഴാമ്പൽ ചെക്കൻ
ഭാര്യയെ കൂട്ടി വിരുന്നുപോയി.
നല്ലൊരു നാരിൽ വാഴക്കുല
വഴക്കാളി കുരുവിക്ക് തേൻ കൊടുത്തു
ചിരിച്ചാലും തീരാത്ത തിരമാലകൾ
മെല്ലെ നടന്ന് തീരമെത്തി.
വേഗത്തിൽ തിരിനെയ്യും മിന്നാമിനുങ്ങിനെ
നുള്ളിയെടുത്തൊരു കണ്ണിനെ നോക്കി
കാട്ടാന തുമ്പികൾ മുത്തംവെച്ച്
ആരും കേൾക്കാത്ത കഥകളായി.
ആന ചിരിപ്പിച്ച തുമ്പികളെല്ലാരും
തൈമുല്ലക്കായായി ഓടിയനേരം
മുന്നേ പറന്നൊരു പൊൻവണ്ടിന്
തുമ്പിയെ കെട്ടാൻ കൊതിയായി.

●

കഥകളുടെ മഹാപ്രപഞ്ചം



യു. കെ. കുമാരന്റെ
സമ്പൂർണ്ണകഥകൾ

വൈവിധ്യമാർന്ന കാലദേശങ്ങളെ ഉൾക്കൊള്ളുന്ന
112 കഥകളുടെ ബൃഹദ് സമാഹാരം!

പഠനം : ഡോ. രാജേന്ദ്രൻ എടത്തുംകര

ഹാർഡ് ബൗണ്ട് / ഡീലക്സ് പതിപ്പ് / 400 പേജ്



പ്രീ ബുക്കിങ് ആരംഭിച്ചിരിക്കുന്നു

വിളിക്കൂ;

പുസ്തകം പ്രീ ബുക്ക് ചെയ്യൂ

9746473334

മുഖവില 1000/-

പ്രീ ബുക്കിങ് വില
650/- മാത്രം

POORNASREE MONTHLY

Date of Publication : 02 December 2023
REGISTERED RNI KERMAL/2007/29677
Registered No KL/CT/143/2022 2024

Price: ₹5
License No. KL/PMG/NR/WPP/48/KKD/2022-2024
Licence to Post without Pre Payment

അണിയറയിൽ ഒരുങ്ങുന്നു!

സമ്മാനപ്പൊതി സീസൺ 8

സമ്മാനപ്പൊതി സീസൺ 8 ൽ അണിനിരക്കുന്നവർ

ജനറൽ എഡിറ്റർ: **ഡോ. കെ. ശ്രീകുമാർ**

പ്രശസ്ത എഴുത്തുകാരുടെ

22 മികച്ച ബാലസാഹിത്യകൃതികൾ!

ചുപ്പാമണി (കഥ)	സി. രാധാകൃഷ്ണൻ
വരൂ, ശാസ്ത്രജ്ഞരാവാം (വൈജ്ഞാനികം)	പ്രൊഫ. എസ്. ശിവദാസ്
ഗരുഡകഥകൾ (കഥ)	സിപ്പി പള്ളിപ്പുറം
ഗണേശകഥകൾ (കഥ)	മലയത്ത് അപ്പുണ്ണി
മാൾട്ടി (കഥ)	വി.കെ. ശ്രീരാമൻ
അച്ഛൻ പറഞ്ഞതും മകനറിഞ്ഞതും (വൈജ്ഞാനികം)	പി.കെ. ഗോപി
മാന്ത്രികപ്പട്ടം (നോവൽ)	വീരാൻകുട്ടി
വൈകി വിടർന്ന മയിൽപ്പീലികൾ (നോവൽ)	ജനു
ഡ്രാക്കുളയുടെ നിധി (നോവൽ)	ബിമൽകുമാർ രാമങ്കരി
പൂങ്കിണ്ണം (കവിത)	അസുരമംഗലം വിജയകുമാർ
കുട്ടനും കുട്ടിക്കുരങ്ങനും (നോവൽ)	വെണ്ണല മോഹൻ
നിലാവിന്റെ തട്ടം (കവിത)	ഇ. ജിനൻ
മാനം തൊടുന്ന മരം (കഥ)	സുനിൽ പി. മതിലകം
പെൻസിലും ജലറാണിയും (കഥ)	ആഗ്ന യാമി
നിമീലിത (നോവൽ)	ഡോ. സുഷമ ബിന്ദു
കാണാക്കാഴ്ചകൾ (കഥ)	രാധികാദേവി റ്റി.ആർ.
ആകാശപ്പഞ്ഞികൾ (നോവൽ)	ഷസിയ
അമ്പിളിയുരുളി (കവിത)	സി. സാന്ദീപനി
പ്രകൃതിപാഠം (നോവൽ)	രമേഷ് വട്ടിങ്ങാവിൽ
ലീഡർ ആമി (നോവൽ)	ബീന മേലഴി
അക്ഷരലഹരി (ജീവചരിത്രം)	അഞ്ജലി രാജീവ്
ഗോപ (നോവൽ)	ഡോ. കെ. ശ്രീകുമാർ

കവർചിത്രം: **എൻ. ജി. സുരേഷ് കുമാർ**
ചിത്രീകരണം: **അനിത ജിതിൻ**
കവർ ഡിസൈൻ, രൂപകല്പന: **രാജേഷ് ചാലോട്**

പൂർണ പബ്ലിക്കേഷൻസ് കോഴിക്കോട്

Printed, Published, Edited, Owned by N.E. Manohar, Deepam, P.O. Puthiyara, Kozhikode-673004,
Published from TBS Building, G H Road, Kozhikode-673001,Kerala & Printed at Printarts Offset ,Feroke, Calicut